(എ) കേരളത്തിന് പുറത്തുനിന്നും ബോട്ടിലിംഗ് കഴിഞ്ഞുവരുന്ന എൽ.പി.ജി. ഗ്യാസ് സിലിണ്ടറുകൾക്ക് ഇപ്പോൾ ചുമത്തുന്ന എൻട്രി ടാക്സ് കേരള സർക്കാർ ചുമത്തുന്നുണ്ടോ;

(ബി) എങ്കിൽ ഇത് കേരളത്തിലെ എൽ.പി.ജി. റീഫിൽ സപ്ലൈക്ക് ദോഷം വരുത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) കോയമ്പത്തൂരിലേക്കും മാംഗ്ലൂരിലേക്കും റീഫിൽ ബോട്ടിലിംഗ് യൂണിറ്റുകളുള്ള കേന്ദ്ര പൊതുമേഖലാസ്ഥാപനങ്ങളുടെ റീഫിൽ സിലിണ്ടറുകൾക്ക് ഇത്തരത്തിൽ നിലവിലുള്ള എൻട്രി ടാക്സ് പിൻവലിക്കുന്നതിന് നടപടികൈക്കൊള്ളുമോ?

ഉത്തരം

(എ)-(സി) എൽ.പി.ജി ഗ്യാസിന് സംസ്ഥാനത്ത് എൻട്രി ടാക്സ് ചുമത്തുന്നില്ല.

39 (1488) മത്സ്യബന്ധനത്തിന് ഉപയോഗിക്കുന്ന വസ്തുക്കൾക്ക് നികുതിയിളവ്

ശ്രീ. കടകംപള്ളി സുരേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മത്സ്യബന്ധനത്തിന് അനുപേക്ഷണീയമായ നൈലോൺ, സിന്തറ്റിക്, പരുത്തിവലകളേയും വടം, ചൂണ്ട, ഫ്ളോട്ട്, സിങ്കർ എന്നിവയേയും മനുഷ്യനിർമ്മിതവസ്തുക്കൾ എന്ന നിർവചനത്തിൽപ്പെടുത്തുകയും വില്പന നികുതിയിൽനിന്ന് ഒഴിവാക്കുകയും ചെയ്യുന്ന കാര്യം പരിശോധിക്കുമോ;

(ബി) എങ്കിൽ മത്സ്യത്തൊഴിലാളി കുടുംബങ്ങളുടെ ശോച്യാവസ്ഥ പരിഗണിച്ച് അവയേയും തടികൊണ്ട് നിർമ്മിച്ച മത്സ്യബന്ധനയാനങ്ങളേയും വില്പനനികുതിയിൽ നിന്ന് ഒഴിവാക്കുകയോ സെയിൽസ് ടാക്സ് റൂൾസ് എൻട്രി 89 പ്രകാരം നികുതിനിരക്ക് നാമമാത്രമായി ചുരുക്കുകയോ ചെയ്യുന്ന കാര്യം പരിഗണിക്കുമോ?

ഉത്തരം

(എ)&(ബി) മത്സ്യബന്ധന ഉപകരണങ്ങളെ നികുതിയിൽനിന്ന് ഒഴിവാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് മത്സ്യഫെഡ് സമർപ്പിച്ച നിവേദനം സർക്കാർ പരിശോധിച്ചുവരികയാണ്.

40 (1489) സ്വകാര്യ ചിട്ടികൾ

ശ്രീ. പി.പി. സുലൈമാൻ റാവുത്തർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്വകാര്യചിട്ടി നടത്തിപ്പുകാർ പൊതുജനങ്ങളെ കബളിപ്പിച്ച് ചിട്ടിസ്ഥാപനങ്ങൾ പൂട്ടുന്ന സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ചെറിയ വരുമാനശ്രേണിയിലുള്ള വ്യാപാരികൾക്ക് ദിവസേന പണമടയ്ക്കാവുന്ന ചിട്ടികളാരംഭിക്കാനും, ചിട്ടിതവണകൾ ഇവരുടെ സ്ഥാപനങ്ങളിൽ ചെന്ന് പിരിച്ചെടുക്കുന്നതിന് സംവിധാനം ഏർപ്പെടുത്തുവാനും കഴിയുന്നതരത്തിൽ ഒരു പദ്ധതി ആവിഷ്കരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്

(ബി) കേരള ചിട്ടി ആക്ട് സെക്ഷൻ 5(1) പ്രകാരം 100/- രൂപയിൽ അധികരിക്കാത്ത തുകയ്ക്കുള്ള ചിട്ടികൾക്ക് പെർമിറ്റ് നൽകി നടത്തിവരുന്നുണ്ട്.

41 (1490) റീ - ഓപ്ഷൻ നൽകാൻ അവസരം

ശ്രീ. പി.കെ. അബ്ദുറബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ ജീവനക്കാരുടെ ശമ്പളപരിഷ്കരണമനുസരിച്ച് നൽകിയ ഓപ്ഷൻ പിൻവലിച്ച് റീ-ഓപ്ഷൻ നൽകുവാൻ നിലവിൽ വ്യവസ്ഥയുണ്ടോ;

(ബി) എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(സി) ഇല്ലെങ്കിൽ റീ-ഓപ്ഷൻ അവസരം നൽകുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) ശമ്പളപരിഷ്കരണം സംബന്ധിച്ച് വിശദീകരണ ഉത്തരവുകൾ പുറപ്പെടുവിക്കുന്നതിന് മുമ്പായി ശമ്പളം നിർണ്ണയിച്ചുപോയവർക്ക് റീ-ഓപ്ഷൻ അവസരം നൽകുന്ന കാര്യം പരിഗണിക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ബാധകമല്ല.

(സി) ഇക്കാര്യം പരിഗണനയിലില്ല.

(ഡി) ഇക്കാര്യം പരിഗണനയിലില്ല.

42 (1491) മഹിളാ പ്രധാൻ ഏജന്റുമാരുടെ പെൻഷൻ പദ്ധതി

ശ്രീമതി ആർ. ലതാദേവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ മഹിളാപ്രധാൻ ഏജന്റുമാർക്ക് ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എന്തൊക്കെ അധിക സഹായങ്ങൾ നൽകിയിട്ടുണ്ടെന്ന് അറിയിക്കുമോ;

(ബി) ഏജന്റുമാരുടെ പെൻഷൻ ക്ഷേമനിധി പദ്ധതി പ്രാവർത്തികമാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) എങ്കിൽ ഇതിനുള്ള കാലതാമസം എന്തുകൊണ്ടാണെന്ന് അറിയിക്കുമോ;

(ഡി) മഹിളാപ്രധാൻ ഏജന്റുമാരുടെ പെൻഷൻ പദ്ധതി ഏതു ഘട്ടത്തിലാണ്;

(ഇ) എന്ന് പദ്ധതി പ്രാബല്യത്തിൽ വരുമെന്ന് വെളിവാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly